"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പുനർവിന്യാസം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.574/2022/LSGD തീയതി,തിരുവനന്തപുരം, 10-03-2022**

---

പരാമർശം:-

1. 12.08.2021-ലെ സ.ഉ.(സാധാ)നം.1549/2021/തസ്വഭവ
2. മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബഹു തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി മുമ്പാകെ സമർപ്പിച്ച 10.09.2021 തീയതിയിലെ നിവേദനം.
3. ലേബർ കമ്മീഷണറുടെ 30.11.2021 ലെ ഇ (6)12945/08 നമ്പർ കത്ത്.
4. ലേബർ കമ്മീഷണറുടെ 04.01.2022 -ലെ LCO/12945/06 ഇ(6) നമ്പർ കത്ത്.
5. ഗ്രാമവികസന കമ്മീഷണറുടെ 04.02.2022 ലെ 2171/സി 4/2021/ സിആർഡി നമ്പർ കത്ത്.
6. നഗരകാര്യ ഡയറക്ടറുടെ 16.02.2022 -ലെ ഇ 6 -1081/2022 നമ്പർ കത്ത്.
7. തൊഴിലും നൈപുണ്യവും വകുപ്പിന്റെ 25.02.2022 -ലെ സ.ഉ.(സാധാ)നം.222/2022/LBR നമ്പർ ഉത്തരവ്

**<u>ഉത്തരവ്</u>**

തൊഴിൽ വകുപ്പിൽ നിന്നും മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്തിൽ പുനർവിന്യാസ വ്യവസ്ഥയിൽ നിയമിച്ചിരുന്ന ശ്രീ മനോജ് എം വി-യെ പരാമർശം (1) പ്രകാരമുള്ള ഉത്തരവ് പ്രകാരം മാതൃവകുപ്പിലേയ്ക്ക് തിരികെ പ്രവേശിപ്പിച്ചിരുന്നു. ടിയാനെ മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്തിൽ തുടരാൻ അനുവദിക്കണമെന്ന് മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. തൊഴിൽ വകുപ്പിൽ നിന്നും യഥാക്രമം ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തിലും കായംകുളം നഗരസഭയിലും പുനർവിന്യസിച്ചിട്ടുള്ള ശ്രീ സാലു എസ്, ശ്രീ നിയാസ് എം എന്നിവരെ മാതൃവകുപ്പിലേയ്ക്ക് തിരികെ പ്രവേശിപ്പിക്കുന്നതിനും ശ്രീ മനോജ് എം വി-യെ മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്തിലും പാലക്കാട് ജില്ലാ ലേബർ ഓഫീസറുടെ കാര്യാലയത്തിലെ ക്ലാർക്ക് ശ്രീമതി ഭവ്യ.വി.കെ-യെ ടിയാന്റെ ഓപ്ഷൻ പരിഗണിച്ചുകൊണ്ടും പുനർവിന്യസിക്കുന്നതിനുമുള്ള നടപടികൾക്കായി പരാമർശം (3),(4) പ്രകാരം ലേബർ കമ്മീഷണർ സർക്കാരിൽ ശിപാർശ സമർപ്പിച്ചിരുന്നു. ശ്രീ സാലു എസ്, ശ്രീ നിയാസ് എം എന്നിവർക്കെതിരെ ടിയാളുകൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ വിജിലൻസ് അന്വേഷണങ്ങളോ മറ്റ് വകുപ്പുതല നടപടികളോ നിലവിലില്ല എന്ന് ബന്ധപ്പെട്ട വകുപ്പ് മേധാവികൾ പരാമർശം (5), (6) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. ഈ വിഷയം സർക്കാർ വിശദമായി പരിശോധിച്ച അതിന്റെ അടിസ്ഥാനത്തിൽ ഇത്തിക്കര ബ്ലോക്ക്

പഞ്ചായത്തിൽ പുനർവിന്യസിച്ചിട്ടുള്ള ശ്രീ സാല്യ എസ്, കായംകുളം നഗരസഭയിൽ പുനർവിന്യസിച്ചിട്ടുള്ള ശ്രീ നിയാസ് എം എന്നിവരെ മാതൃവകുപ്പിലേയ്ക്ക് തിരികെ പ്രവേശിപ്പിച്ചുകൊണ്ടും പകരം പാലക്കാട് ജില്ലാ ലേബർ ഓഫീസറുടെ കാര്യാലയത്തിലെ ക്ലാർക്ക് ശ്രീമതി ഭവ്യ.വി.കെ-യെ ടി യാന്റെ ഓപ്ഷൻ പരിഗണിച്ച് ചെറുപ്പുളശ്ശേരി നഗരസഭയിൽ ക്ലാർക്ക് തസ്തികയിൽ നിലവിലുള്ള ഒഴിവിലേയ്ക്കും ശ്രീ മനോജ് എം.വി. യെ മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്തിലേയ്ക്കും നിലവിലെ പുനർവിന്യാസ വ്യവസ്ഥകൾക്ക് വിധേയമായി പുനർവിന്യസിച്ച് കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പ്രീത.കെ.എസ്.**
**ജോയിന്റ് സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

ശ്രീ. സാല്യ എസ്, ക്ലാർക്ക്, ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത്. (വകുപ്പ് മേധാവി മുഖേന)

ശ്രീ.നിയാസ് എം, ക്ലാർക്ക്, കായംകുളം നഗരസഭ (വകുപ്പ് മേധാവി മുഖേന)

ശ്രീമതി. ഭവ്യ.വി.കെ, ക്ലാർക്ക്, പാലക്കാട് ജില്ലാ ലേബർ ഓഫീസറുടെ കാര്യാലയം(വകുപ്പ് മേധാവി മുഖേന)

ശ്രീ മനോജ് എം.വി, ക്ലാർക്ക്, ലേബർ കമ്മീഷണറുടെ കാര്യാലയം (വകുപ്പ് മേധാവി മുഖേന)

സെക്രട്ടറി, കായംകുളം നഗരസഭ

സെക്രട്ടറി, ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത്.

ജില്ലാ ലേബർ ഓഫീസർ, പാലക്കാട് ജില്ലാ ലേബർ ഓഫീസറുടെ കാര്യാലയം

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) ഡിപ്പാർട്ട്മെന്റ്. (ഗവ.വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ